بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 28.11.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

28.11.14 ന് ബൈത്തുൽ ഫുതുഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**നമ്മൾ ബലഹീനരും നമ്മുടെ ശത്രു ശക്തവാനുമാണെന്ന കാര്യം നാം ഓർക്കേണ്ടതാണ്. നമ്മുടെ കൈയിൽ ശത്രുവിനെതിരെ ഒരു ഭൗതികശക്തിയുമില്ല. മാർഗവുമില്ല. ഒരു തരത്തിലുള്ള വഴിയുമില്ല. അങ്ങനെയുള്ള അവസ്ഥയിൽ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയല്ലാതെ ഒരു രക്ഷയുമില്ല. اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ന്റെ ആത്മാവും മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ ഉമ്മറപ്പടിക്കാരനാകുക.**

തശ്ശഹുദും തഅവ്വുദും സൂറാ ഫാത്തിഹ തിലാവത്തിനും ശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു:

"ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "സഹായിക്കാനുള്ള യഥാർഥ അവകാശം അല്ലാഹുവിന് മാത്രമാണ് ഉള്ളതെന്ന കാര്യം ഓർമവയ്ക്കേണ്ടതാണ്. അതായത് നിങ്ങൾക്ക് നിങ്ങളുടെ ജോലികളുടെ പൂർത്തീകരണത്തിനായി ആരുടെയെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ സത്തയ്ക്കു മാത്രമാണുളളത്. അവനുമാത്രമേ യഥാർഥ നിലയിൽ സഹായിക്കാൻ സാധിക്കുകയുള്ളു. സഹായിക്കാനുള്ള ശക്തിയുള്ളതും സഹായം ചെയ്യുന്നതും അവനാണ്. ഒരു യഥാർഥ മുഅ്മിൻ എപ്പോഴും മുമ്പിൽ വെക്കേണ്ടുന്നത്ര പ്രധാനപ്പെട്ട കാര്യമാണിത്; അത് വ്യക്തിപരമായ ആവശ്യങ്ങളാവട്ടെ ജമാഅത്ത് പരമായ ആവശ്യങ്ങളാവട്ടെ. പക്ഷേ, ഇതിന് ഇത്രമാത്രം പ്രാധാന്യമുണ്ടായിട്ടും ഇതിലേക്ക് ജനങ്ങളുടെ ശ്രദ്ധ ഇല്ലാത്തതായിട്ടാണ് പൊതുവെ കാണുന്നത്. ശ്രദ്ധിക്കേണ്ടുന്നത്ര ശ്രദ്ധ ഉണ്ടാവുന്നില്ല. അല്ലാഹു ഫള്ൽ ചെയ്തു, തന്റെ ആവശ്യം പൂർത്തിയായി എന്നു പറയുന്നവരാണ് നമ്മളിൽ അധികംപേരും. പക്ഷേ, ആഴത്തിൽ ആത്മപരിശോധന നടത്തുകയാണെങ്കിൽ തന്റെ ആവശ്യങ്ങൾപൂർത്തിയാക്കുന്നതിനുള്ള വിവിധമാർഗങ്ങൾ അവൻ തന്റെ ജോലി പൂർണമാകുന്നതിന് അല്ലെങ്കിൽ പൂർത്തീകരിക്കുന്നതിനുള്ള മാർഗമായി മനസ്സിലാക്കുന്നുണ്ടെന്ന് കാണാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് ഥാനീ (റ) ഉദാഹരണം നല്കിക്കൊണ്ട് വിവിധ അവസരങ്ങളിൽ പറഞ്ഞിരിക്കുന്നു: "വിവിധ ആളുകളാണ് സഹായവും തുണയും നല്കിയതെന്നും അല്ലെങ്കിൽ സ്വന്തം കരബലംകൊണ്ട് തന്റെ ലക്ഷ്യം കരസ്ഥമാക്കിയെന്നും മനുഷ്യൻ മനസ്സിലാക്കുന്നതാണ് പൊതുവെയുള്ള ആദ്യത്തെ അവസ്ഥ. താൻ തന്റെ എല്ലാ ആവശ്യങ്ങളും സ്വയം പൂർത്തിയാക്കുമെന്ന് മനുഷ്യൻ മനസ്സിലാക്കുമ്പോൾ അവൻ തന്റെ ശക്തിയും തന്റെ അറിവും തന്റെ ബുദ്ധിയുംകൊണ്ട് തന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. നോക്കൂ! മനുഷ്യൻ തന്റെ യോഗ്യതയും ശക്തിയും കഴിവുംകൊണ്ട് തന്റെ പ്രശ്നങ്ങൾ സ്വയം പരിഹരിച്ചിരിക്കുന്നുവെന്നും താൻ ആരുടേയും സഹായം എടുക്കുന്നില്ലെന്നും അല്ലെങ്കിൽ താൻ ആരിൽനിന്നും സഹായമൊന്നും എടുത്തിട്ടില്ലെന്നും പറഞ്ഞ് അഹങ്കരിക്കുകയും പൊങ്ങച്ചം കാണിക്കുകയും ചെയ്യുന്നു. പക്ഷേ, ചിലപ്പോൾ മനുഷ്യന് സ്വന്തം ആവശ്യങ്ങൾ സ്വയം പൂർത്തിയാക്കാൻ പറ്റാത്ത അവസ്ഥകൾ ഉണ്ടാകാറുണ്ട്. അവന് വെളിയിൽ നിന്നും സഹായം വേണ്ടി വരും. അപ്പോൾ അവന്റെ ദൃഷ്ടി അവന്റെ സ്നേഹിതന്മാരിലേക്കും ബന്ധുക്കളിലേക്കും നീങ്ങുന്നു. അവരിൽനിന്ന് സഹായം സ്വീകരിക്കുന്നു. അവർ അവനെ സഹായിക്കുകയും ചെയ്യുന്നു. ആ സമയത്ത് ബന്ധുത്വം നല്ലതാണെന്ന വിചാരം അവനുണ്ടാകുന്നു. അത്തരം ഘട്ടത്തിൽ തന്റെ ബന്ധുക്കൾ ഇല്ലായിരുന്നെങ്കിൽ തന്റെ ആവശ്യം പൂർത്തിയാകുമായിരുന്നില്ല എന്നവൻ മനസ്സിലാക്കുന്നു. ചില ഘട്ടങ്ങളിൽ ബന്ധുക്കൾക്കും കുടുംബക്കാർക്കും അവന്റെ ആവശ്യം പൂർത്തിയാക്കാൻ സാധിക്കാതെ വരികയോ അല്ലെങ്കിൽ അതിന് അവരെ പ്രയോജനപ്പെടാതെയോ വരുന്നു. അല്ലെങ്കിൽ അവർ അത് അവന് ചെയ്തുകൊടുക്കുന്നില്ല. അപ്പോൾ അവൻ ദൃഷ്ടി പായിക്കുന്നു. അത് ചെന്ന് അവന്റെ സ്നേഹിതന്മാരിൽ പതിയുന്നു. അവന്റെ നോട്ടത്തിൽ അപ്പോൾ അവനെ സഹായിക്കാൻ സ്നേഹിതന്മാർക്കെ കഴിയൂ. അവരിൽനിന്ന് അവൻ സഹായമെടുക്കുന്നു. അവർ സഹായിക്കുകയും ചെയ്യുന്നു. അപ്പോൾ ആ സ്നേഹിതന്മാരും നല്ലവരാണെന്ന് അവൻ മനസ്സിലാക്കുന്നു. കാരണം പൊറുതിമുട്ടിയ നേരത്ത് അവനെ സഹായിച്ചത് അവരാണ്. പിന്നീടൊരു കാലം വരാറുണ്ട്. സുഹൃത്തുക്കളുടെ അടുക്കൽ പോയാൽ അവർ തങ്ങളുടെ നിർബന്ധിതാവസ്ഥ പറയുന്നു. സുഹൃത്തുക്കൾക്ക് സഹായിക്കാൻ പറ്റാത്ത അവസ്ഥയും വരാറുണ്ട്. സഹായിക്കുക എന്നത് അവരുടെ കഴിവുകൾക്കതീതമാണ്. അപ്പോൾ അവൻ തന്റെ ആവശ്യത്തിനായി ചില സംഘടനകളിലേക്ക് തിരിയുന്നു. അവരുമായി ബന്ധപ്പെട്ട ജമാഅത്ത് അവനെ സഹായിക്കുന്നു. തന്റെ ജോലി അങ്ങനെ നടന്നുപോകുന്നു. അങ്ങനെ തന്റെ ആവശ്യം പൂർത്തിയാകുമ്പോൾ ജമാഅത്തുമായും സംഘടനയുമായും ചേർന്ന് നില്ക്കുന്നത് നല്ലതാണെന്ന് അവൻ മനസ്സിലാക്കുന്നു. ഇക്കാരണത്താൽ ജമാഅത്തുമായുള്ള ബന്ധം കൂടുകയും ചെയ്യുന്നു. ജമാഅത്തിനോട് സഹായം ചോദിച്ചിട്ട്, ജമാഅത്ത് സഹായിച്ചില്ല എന്ന് പറഞ്ഞ് ചിലപ്പോൾ വഞ്ചിതരായിപ്പോകുന്ന ചിലരേയും ഞാൻ കണ്ടിട്ടുണ്ട്.

എന്തായാലും ചിലയാളുകളുടെ ഇഷ്ടത്തിനനുസരിച്ച് ആവശ്യം നടക്കുകയാണെങ്കിൽ അപ്പോഴും അല്ലെങ്കിൽ അവരെ സഹായിക്കുകയാണെങ്കിൽ അപ്പോഴും അവരുടെ ജമാഅത്തുമായിട്ടുള്ള ബന്ധം ദൃഢതരമാകാൻ അത് കാരണമായിത്തീരുന്നു. ചില മനുഷ്യരുടെ ജീവിതത്തിൽ അവരുടെ കുടുംബക്കാർക്കോ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എത്രത്തോളമെന്നാൽ ചില നിർബന്ധകാര്യങ്ങളും നിയന്ത്രണങ്ങളും കാരണത്താൽ നിളാമിനും ജമാഅത്തിനുതന്നെയും അയാളെ സഹായിക്കാനോ അയാൾക്ക് ഫലമെത്തിക്കാനോ ഒക്കാത്ത സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. ആ നേരത്ത് അയാളുമായി ബന്ധപ്പെട്ട സർക്കാർ അയാളുടെ മുമ്പിൽ വരുന്നു. സർക്കാർ അയാളെ സഹായിക്കുന്നു. അത്തരം മനുഷ്യന് അപ്പോൾ സർക്കാർതന്നെയാണ് എല്ലാം. മറ്റുള്ള എല്ലാ വസ്തുക്കളും പിന്നിലേക്ക് തള്ളപ്പെടുന്നു. ബാക്കിയെല്ലാം പിന്നിലേക്ക് പോകുന്നു. ഇതൊക്കെയാണെങ്കിലും തന്റെ അധ്വാനവും പദ്ധതികളും ബന്ധുക്കളും സുഹൃത്തുക്കളും സമൂഹവും ജമാഅത്തും സർക്കാരും സഹായസംഘങ്ങളും ഒന്നും പ്രയോജനപ്പെടാത്ത നേരവും അവനുണ്ടാകുമെന്നത് ആർക്കും നിഷേധിക്കാൻ പറ്റുകയില്ല. പക്ഷേ, ഇക്കാര്യങ്ങളൊക്കെ ഉണ്ടായിട്ടും തന്റെ ഉദ്ദേശ്യം സഫലമാകുകയാണെങ്കിൽ അവൻ തന്റെ വിജയം ഏതോ അദൃശ്യ സഹായത്താലാണുണ്ടായതെന്ന് മനസ്സിലാക്കുന്നു.അദൃശ്യമായ സഹായത്തിൽ ഒരാൾക്ക് ദൃഢവിശ്വാസമുണ്ടാകുന്നത്ര, അവൻ തന്റെ വിജയത്തെ അല്ലാഹുവുമായി ബന്ധപ്പെടുത്തി പറയുകയും ചെയ്യുന്നു. അല്ലാഹുവാണ് തന്റെ കാര്യം നിറവേറ്റിത്തന്നതെന്ന ദൃഢവിശ്വാസമുണ്ടെങ്കിൽ! അല്ലാഹുമായിട്ട് ദൃഢതരമായ ബന്ധമില്ലെങ്കിൽ അവൻ ഭൗതികമായ മാർഗങ്ങളാണ് എല്ലാമെന്ന് മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. അവയിലേക്കായിരിക്കും അവന്റെ ശ്രദ്ധ ഉണ്ടാകുന്നത്. അല്ലാഹുവിലേക്ക് അവന്റെ ദൃഷ്ടി ഉയരുകയേ ഇല്ല. എന്നാൽ, സകല മാർഗങ്ങളും പരാജയപ്പെടുമ്പോൾ അല്ലാഹുവിനെ ഓർമ വരും. പരിശുദ്ധ ഖുർആൻ ഇത് പറയുന്നുണ്ട്. അത്തരം നിരാശാവസ്ഥയിൽ നിരീശ്വരനും ബഹുദൈവാരാധകനുംപോലും അനിയന്ത്രിതമായി അല്ലാഹുവിലേക്ക് ശ്രദ്ധതിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: "സമുദ്രത്തിൽ നിങ്ങളെ വിപത്ത് ബാധിക്കുന്നതായാൽ അവനെയൊഴിച്ച് നിങ്ങൾ ആരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവരെല്ലാം അപ്രത്യക്ഷരാകും. എന്നാൽ, നിങ്ങളെ അവൻ സുരക്ഷിതരായി കരയിലെത്തിച്ചാൽ നിങ്ങൾ തിരിഞ്ഞു കളയുന്നു. വാസ്തവത്തിൽ മനുഷ്യൻ നന്ദികെട്ടവനാണ്.(17:68) അതുകൊണ്ട് കൊടുങ്കാറ്റുകളിലും പ്രയാസങ്ങളിലും അകപ്പെടുമ്പോൾ അവർ അല്ലാഹുവിനെ വിളിക്കാൻ തുടങ്ങുകയും എന്നാൽ, രക്ഷപ്പെടുമ്പോൾ അല്ലാഹുവിനെ മറന്നുപോകുകയും ചെയ്യുന്നു.' ഇതു മനുഷ്യപ്രകൃതിയാണ്. പ്രയാസസമയത്ത് അങ്ങേയറ്റം വിനയത്തോടെ അല്ലാഹുവിലേക്ക് കുനിയുന്നു. മറ്റുള്ള എല്ലാ സഹായികളേയും മറന്നു കളയുന്നു. അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുന്നു: 'തങ്ങളെ ഈ പ്രയാസങ്ങളിൽനിന്നും ഈ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കുകയാണെങ്കിൽ തങ്ങൾ എപ്പോഴും അല്ലാഹുവിനെ സഹായിയായി മനസ്സിലാക്കുകയും അവനെത്തന്നെ വിളിക്കുകയും ചെയ്യുന്നതാണ്." എന്നാൽ, രക്ഷ കിട്ടിയുടനെ അഹങ്കാരവും പൊങ്ങച്ചവും വീണ്ടും അവരിൽ തലപൊക്കുന്നു. മനുഷ്യൻ അങ്ങേയറ്റം നന്ദികെട്ടവനും സ്വാർഥനുമാണ്. അല്ലാഹുവിനെ വിശ്വസിക്കുന്ന അത്തരക്കാരെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിക്കൽ വിശദീകരിച്ചു: 'പക്ഷേ, വിഷമ ഘട്ടത്തിൽ അവരുടെ നാവിൽനിന്ന് ദൈവനാമം മാത്രമെ പുറപ്പെടുകയുള്ളു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഭൂകമ്പത്തെക്കുറിച്ച് പ്രവചിച്ചപ്പോൾ വലിയ ഭൂകമ്പമുണ്ടായി. ആ സമയത്ത് ലാഹോർ മെഡിക്കൽ കോളേജിലെ ഒരു വിദ്യാർഥി എല്ലാ ദിവസവും തന്റെ സഹപാഠികളോട് ദൈവാസ്തികൃത്തെക്കുറിച്ച് സംസാരിക്കുകയും പരിഹസിക്കുകയും ചെയ്യുമായിരുന്നു. ഭൂകമ്പസമയത്ത് അവൻ കിടന്നിരുന്ന മുറിയുടെ മച്ച് വീഴാൻ പോകുകയാണെന്ന് അവന് തോന്നി. തന്നെ രക്ഷിക്കാൻ ഇനി ഒരു ശക്തിക്കും സാധ്യമല്ലെന്ന് അവന് ബോധ്യമായി. അവൻ ഹിന്ദു കുടുംബത്തിൽ ജനിച്ചവനായിരുന്നു. അതുകൊണ്ട് അവന്റെ നാവിൽനിന്ന് അനിയന്ത്രിതമായി റാം റാം എന്ന് പുറപ്പെട്ടു. അടുത്ത ദിവസം അവന്റെ കൂട്ടുകാർ ചോദിച്ചു: 'നിനക്കപ്പോൾ എന്താണ് പറ്റിയത്? നീ ദൈവത്തെ വിശ്വസിക്കുന്നവനല്ലല്ലോ? എന്നിട്ട് ആ അവസ്ഥയിൽ റാം റാം എന്ന് പറഞ്ഞ് ഉച്ചത്തിൽ നീ ബഹളംവച്ചതെന്തിനാണ്?' റാം എന്നത് ഹിന്ദുക്കൾ ദൈവത്തെ വിളിക്കുന്ന പേരാണ്. അപ്പോൾ അവൻ പറഞ്ഞു:'എന്താണ് എനിക്ക് പറ്റിയതെന്ന് അറിയില്ല. എന്റെ ബോധംതന്നെ നഷ്ടപ്പെട്ടിരുന്നു.'

അതുകൊണ്ട് മറ്റു വഴികൾ കാണുന്നതുവരെ മനുഷ്യന്റെ കാര്യങ്ങൾ ഇങ്ങനെയൊക്കെ നടന്നു പോകുന്നു. അവൻ അതിലേക്ക് ശ്രദ്ധിക്കുന്നു. എന്നാൽ, എല്ലായിടത്തും നിരാശ ഉണ്ടാകുമ്പോൾ ബാഹ്യമായ മാർഗങ്ങളൊന്നും പ്രയോജനപ്പെടാതെ വരുമ്പോൾ അവൻ അല്ലാഹുവിലേക്ക് ശ്രദ്ധിക്കുന്നു. പിന്നീട് അല്ലാഹുവിനെ വിളിക്കുന്നു. അവനെ സ്തുതിക്കുന്നു. അവന്റെ മുമ്പിൽ വിലപിക്കുന്നു.

ഇതുപോലൊരു സംഭവം ഒന്നാം ലോക മഹായുദ്ധത്തിൽ നടന്നത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) കേൾപിക്കാറുണ്ടായിരുന്നു. എന്നല്ല സ്വയം പറയുകയും ചെയ്തിട്ടുണ്ട്. ഞാൻ പല പ്രാവശ്യവും അത് കേട്ടുകഴിഞ്ഞിട്ടുള്ളതുമാണ്. അത്തരം അവസ്ഥയിൽ നിരീശ്വരനും ദൈവത്തിൽ വിശ്വസിച്ചുപോകുന്നു. സംഭവം ഇങ്ങനെയാണ്: ഒന്നാം ലോക മഹായുദ്ധത്തിൽ 1918-ൽ ജർമനി തങ്ങളുടെ മുഴുവൻ ശക്തിയും സംഭരിച്ചുകൊണ്ട് സഖ്യസൈന്യത്തിനുമേൽ ആക്രമണം നടത്തി. ആ നേരത്ത് ബ്രിട്ടീഷുസൈന്യത്തിന് അല്ലെങ്കിൽ സഖ്യസൈന്യത്തിന് രക്ഷപ്പെടാൻ പറ്റാത്ത ഒരു ഘട്ടമെത്തി. 7 മൈൽ ദീർമായ പ്രതിരോധ ലൈൻ അവസാനിച്ചു. സൈന്യം രണ്ടു ഭാഗത്തായി ചുരുങ്ങിപ്പോയി. അവർക്കിടയിലൂടെ അനായാസം സഞ്ചരിച്ച് ജർമൻ സൈന്യത്തിന് പിന്നിലൂടെ ആക്രമണം നടത്തി പെട്ടെന്ന് സഖ്യസൈന്യത്തെ കീഴ്പ്പെടുത്താവുന്ന അവസരമുണ്ടായി. ആ നേരത്ത് ജേർണലായിരുന്നു മഹാദ്, കമാന്റർ ഇൻ ചീഫിനെ വിവരം അറിയിച്ചു: 'എന്റെ കൈയിൽ ആവശ്യത്തിനുള്ള സൈന്യമില്ല. ചിതറിപ്പോയ അണികൾ നേരെയാക്കുക എന്നത് എന്റെ കഴിവിൽ

പ്പെട്ടതല്ല.’ ആ സമയത്ത് അദ്ദേഹം മനസ്സിലാക്കിയിരുന്നത് തന്റെ സൈന്യം നശിച്ചൊടുങ്ങുമെന്ന് തന്നെയായിരുന്നു. ബ്രിട്ടന്റേയും ഫ്രാൻസിന്റേയും പേരും അതോടെ ഇല്ലാതാകുമെന്നായിരുന്നു. കമാന്ററിന്റെ കമ്പിസന്ദേശമെത്തിയപ്പോൾ അവിടെ അങ്ങേയറ്റം നിരാലംബതയുടെ അവസ്ഥ ഉണ്ടായി. ആ ഘട്ടത്തിൽ പ്രധാനമന്ത്രി മറ്റു മന്ത്രിമാരോടൊപ്പം മീറ്റിംഗിലായിരുന്നു. എന്തോ പ്രധാനപ്പെട്ട ചർച്ചയാണ് നടന്നിരുന്നത്. ആ സന്ദർഭത്തിൽ പ്രധാനമന്ത്രിക്ക് എന്താണ് ചെയ്യാൻ കഴിയുക? കൂടുതൽ സൈന്യം അവിടെ ഉണ്ടായിരുന്നില്ല. ഉണ്ടെങ്കിൽത്തന്നെ യുദ്ധമുഖത്ത് എത്തിച്ചേരുക എളുപ്പവുമായിരുന്നില്ല. അപ്പോൾ അവരുടെ ഏറ്റവും വലിയ ലീഡർ ഈ മുസീബത്തിൽനിന്ന് തങ്ങളെ രക്ഷിക്കാൻ ബാഹ്യമായ ഒരു സഹായവും ഉണ്ടാകുകയില്ലെന്ന് മനസ്സിലാക്കി തന്റെ കൂട്ടുകാരിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു: നമ്മെ സഹായിക്കാൻ നമ്മൾ ദൈവത്തോടു സഹായം തേടുക.’ അങ്ങനെ എല്ലാവരും മുട്ടുകുത്തി ദുആ ചെയ്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ആ ദുആയുടെ ഫലമായിട്ടുതന്നെയാണ് നാശത്തിൽനിന്ന് രക്ഷപ്പെട്ടത് എന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ഞാൻ പാരായണം ചെയ്ത ആയത്തിൽ അല്ലാഹു പറയുന്നു: ‘പ്രയാസങ്ങളുടെ നേരത്ത് മറ്റുള്ള എല്ലാ സത്തയും നിങ്ങളെ കൈവെടിയുന്നു. അല്ലാഹുവിന്റെ സത്ത മാത്രം കൂടെയുണ്ടാകുന്നു. അതാണ് പ്രയോജനപ്പെടുന്നത്.’ എന്നല്ല അല്ലാഹു പറഞ്ഞു, ‘ഗതിമുട്ടിയ അവസ്ഥകളിൽ ചെയ്യുന്ന ദുആകൾ സ്വീകരിക്കപ്പെടുന്നു; നിരീശ്വരനാണ് ചെയ്യുന്നതെങ്കിലും.’ അല്ലാഹു നിരീശ്വരനും തന്റെ അസ്തിത്വത്തിനുള്ള തെളിവ് നല്കുന്നതിനുവേണ്ടി ചിലപ്പോൾ അടയാളം കാണിക്കുന്നു. അവന് ഭാഗ്യമുണ്ടെങ്കിൽ ആ അടയാളംതന്നെ അവന്റെ പരലോകം ഒരുക്കുന്നതിനുള്ള മാർഗമായിത്തീരുന്നു.

എന്തായാലും പറയുന്നതിന്റെ ഉദ്ദേശ്യം ലൗകികരും വിഷമാവസ്ഥയിൽ ഒരു ആശ്രയവും കാണാതെ വരുമ്പോൾ അല്ലാഹുവിന്റെ ആശ്രയത്തെ പിടിക്കാൻ ശ്രമിക്കുന്നു. ഉപായങ്ങളുണ്ട്. അത് അതിന്റെ സ്ഥാനത്ത് നടക്കുന്നു. ലൗകികരായ ആളുകൾക്ക് അത്തരം ദൃഷ്ടാന്തങ്ങൾ കാണിക്കുമ്പോൾ, അല്ലാഹുവിലേക്ക് ദൃഷ്ടിപതിപ്പിക്കുന്നു എന്ന വാദമുള്ളവരും -അങ്ങനെതന്നെയാണ് വേണ്ടതും-പുതപ്പും വിരിപ്പുമെല്ലാം അതായിട്ടുള്ളവരും ഇക്കാര്യത്തിലേക്ക് എത്രമാത്രം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. അതായത് നമ്മുടെ ദൃഷ്ടി എപ്പോഴും അല്ലാഹുവിലേക്ക് തന്നെ ഇരിക്കണമെന്ന ചിന്ത എത്രമാത്രം ആവശ്യമുണ്ട്. അല്ലാഹു അതുകൊണ്ടാണ് എല്ലാ നമസ്കാരത്തിലും ഓതാൻ കല്പിച്ചിട്ടുള്ളതും എല്ലാ റക്അത്തിലും ഓതാൻ കല്പനയുള്ളതും അല്ലാഹുവിൽനിന്ന് നമ്മുടെ ശ്രദ്ധ മാറിപ്പോകാതിരിക്കാനും ഭൗതികമായ ആശ്രയത്തിലേക്ക് നമ്മൾ ദൃഷ്ടി വെക്കാതിരിക്കാനും ആദ്യം ഭൗതികമായ ആശ്രയത്തിലേക്ക് മടങ്ങി പിന്നീട് അല്ലാഹുവിലേക്ക് മടങ്ങുന്ന അവസ്ഥ ഉണ്ടാകാതിരിക്കാനുംവേണ്ടി ഈ ദുആ പഠിപ്പിച്ചിട്ടുള്ളത്. ബാഹ്യമായ മാർഗങ്ങൾ അവലംബിക്കാൻ അല്ലാഹു പറഞ്ഞിട്ടുണ്ട്. അത് അവലംബിക്കേണ്ടതുമാണ്. പക്ഷേ തവക്കുൽ അല്ലാഹുവിന്റെ സത്തയിലായിരിക്കണം. എന്നല്ല എല്ലാ നമസ്കാരത്തിന്റേയും എല്ലാ റക്അത്തിലും ഈ ദുആ പഠിപ്പിച്ചുകൊണ്ട് അല്ലാഹു നമ്മോടു പറഞ്ഞു: എന്നിലേക്ക്, എന്നിലേക്ക് മാത്രം ആയിരിക്കേണ്ടതാണ് നിങ്ങളുടെ ദൃഷ്ടി. ആ ദുആ ഇതാണ്. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ. സുദീർഘമായൊരു ഹദീഥുണ്ട്. അതിലും നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു: إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന് ദാസൻ പറയുമ്പോൾ അല്ലാഹു പറയുന്നു, ഈ ആയത്ത് എന്നേയും എന്റെ ദാസനേയും കൂട്ടിച്ചേർക്കാനുള്ളതാണ്. എന്റെ ദാസൻ എന്തൊന്നാണോ ചോദിച്ചത് ഞാൻ അവന് കൊടുക്കും. അല്ലാഹു ദുആയുടെ സ്വീകാര്യതക്ക് ജാമ്യം നില്ക്കുന്നുവെന്നത് മുസ്‌ലിമിന്റെ ഭാഗ്യമല്ലേ? പക്ഷേ, ഇത് സ്ഥിരമായ ജാമ്യമാകുന്നത് ആരാധനകളിലേക്ക് മാത്രം ശ്രദ്ധിച്ചുകൊണ്ട് അതിലേക്ക് സ്ഥിരമായ ദൃഷ്ടി പതിപ്പിക്കുമ്പോഴാണ്. വെറും പ്രയാസമുണ്ടാകുമ്പോൾ, അതിലകപ്പെട്ടിരിക്കുന്ന അവസ്ഥയിൽ ദുആ ചെയ്താൽ മാത്രംപോര. അത് നിരീശ്വരനും ചെയ്യുന്നതാണ്. അത്തരത്തിലുള്ള ദുആ ആകാൻ പാടില്ല. നമ്മൾ അഹ്മദികളാണ്, നമ്മൾ കാലത്തിന്റെ ഇമാമിന്റെ കൈയിൽ ബയ്അത്ത് പ്രതിജ്ഞ ചെയ്തവരാണ്. നമ്മൾ നമ്മുടെ എല്ലാ വാക്കിനേയും പ്രവർത്തിയേയും അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് വാർത്തെടുക്കുമെന്ന് പ്രതിജ്ഞ ചെയ്തിരിക്കുന്നു. നമ്മൾ വിഷമത്തിലും എളുപ്പത്തിലും ഞെരുക്കത്തിലും ഐശ്വര്യത്തിലും അല്ലാഹുവിനോടുതന്നെ സഹായം ചോദിക്കുമെന്നും അന്യദൈവങ്ങളിൽനിന്ന് ജാഗരൂകരായിരിക്കുമെന്നും പ്രതിജ്ഞ ചെയ്തിട്ടുള്ളവരാണ്. നമുക്ക് നമ്മുടെ പ്രതിജ്ഞ നിറവേറ്റാൻ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന വിഷയം മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. നമ്മൾ മുങ്ങിത്താഴുന്ന നിരീശ്വരനെപ്പോലെ അല്ലാഹുവിനെ വിളിക്കേണ്ടവരല്ല. നമ്മൾ ഉന്നതമായ മിഅ്റാജ് കരസ്ഥമാക്കുന്ന മുഅ്മിനീംകളെപ്പോലെ അല്ലാഹുവിനെ ആരാധിക്കുന്നതിന്റേയും  അവനോട് സഹായം ചോദിക്കുന്നതിന്റേയും ഗ്രാഹ്യം കരസ്ഥമാക്കി അതനുസരിച്ച് പ്രവർത്തിക്കേണ്ടവരാണ്. നമ്മുടെ സകലശക്തികളും സകല കഴിവുകളും നമ്മുടെ പൂർണആശ്രയവും അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നതിലാണ്.

നമ്മുടെ ആരാധനകളുടേയും അല്ലാഹുവിനോടുള്ള യാചനയുടേയും നിലവാരം അല്ലാഹു പറഞ്ഞതനുസരിച്ചാണോ എന്ന് നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്. അല്ലെങ്കിൽ നിത്യവും 32 പ്രാവശ്യം നിർബന്ധ നമസ്കാരങ്ങളിൽ തത്തയെ പോലെയാണോ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന് ചൊല്ലുന്നത്; അതോടെ നമ്മുടെ ജോലി അവസാനിക്കുകയാണോ?

നമ്മൾ ബലഹീനരും നമ്മുടെ ശത്രു ശക്തവാനുമാണെന്ന കാര്യം നാ ഓർക്കേണ്ടതാണ്. നമ്മുടെ കൈയിൽ ശത്രുവിനെതിരെ ഒരു ഭൗതികശക്തിയുമില്ല. മാർഗവുമില്ല. ഒരു തരത്തിലുള്ള വഴിയുമില്ല. അങ്ങനെയുള്ള അവസ്ഥയിൽ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയല്ലാതെ ഒരു രക്ഷയുമില്ല. إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ന്റെ ആത്മാവും മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ ഉമ്മറപ്പടിക്കാരനാകുക. ഇന്ന് ലോകത്ത് ശയ്ത്വാനീ ആക്രമണങ്ങൾ ഉച്ചിയിലെത്തിയിരിക്കുകയാണ്.

എല്ലായിടത്തും നമ്മുടെ വഴിയിൽ പ്രയാസങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. മുസ്ലിം എന്നു പറയുന്നവരും നമുക്കെതിരിലുള്ള ശത്രുതയിൽ വർധിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ എന്തിന് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുവെന്നാണ് ചോദിക്കുന്നത്! ജമാഅത്ത് ലോകത്തിന്റെ ശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുന്ന കാരണത്താൽ അന്യരും അസൂയയിൽ വർധിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു ആരെയെങ്കിലും സഹായിക്കാൻ എഴുന്നേറ്റു നിന്നാൽ, അവൻ വിജയിക്കുന്നുവെന്ന കാര്യം നാം ഓർക്കേണ്ടതാണ്. ഒരു ഭൗതികശക്തിക്കും അവന്റെ വിജയത്തെ തടയുവാൻ സാധ്യമല്ല. കാരണം അല്ലാഹുവിന്റെ സഹായം വളരെ വിശാലമാണ്. അവന്റെ ശക്തി ഒരിക്കലും അവസാനിക്കാത്തതാണ്. അല്ലാഹുവിന്റെ സത്ത പരിമിതമല്ല. അവന്റെ ഗുണവിശേഷങ്ങളും പരിമിതമല്ല. അതുകൊണ്ട് അവന്റെ മുമ്പിൽ കുനിയൽ എല്ലാ അഹ്മദികളുടേയും ബാധ്യതയാണ്. അവനോട് സഹായം തേടൽ എല്ലാ അഹ്മദികളുടേയും പ്രവർത്തിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'ഓർമിച്ചുകൊള്ളുവിൻ! അല്ലാഹു നിരാശ്രയനാണ്. അധികമധികമായിട്ടും ആവർത്തിച്ചാവർത്തിച്ചും ദുആ ചെയ്യാത്തിടത്തോളം അവൻ പരിഗണിക്കുകയില്ല. അതുകൊണ്ട് നമ്മുടെ വിജയരഹസ്യം അധികമധികമായിട്ടും ആവർത്തിച്ചാവർത്തിച്ചും ചെയ്യുന്ന ദുആയാണ്. ഈ ഭാഗത്തേക്ക് നമ്മൾ വളരെയധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. നമ്മൾ ദുആ ചെയ്യേണ്ടതാണ്. നമുക്ക് നേരിട്ടിട്ടുള്ള വിഷമങ്ങൾ, അത് ഏതെങ്കിലും സംഘമാണ് ഉണ്ടാക്കുന്നതെങ്കിലും സർക്കാറാണുണ്ടാക്കുന്നതെങ്കിലും അല്ലെങ്കിൽ അസൂയാലുക്കൾ സമൂഹത്തിൽ കലഹമുണ്ടാക്കാൻവേണ്ടി സൃഷ്ടിക്കുന്നതാണെങ്കിലും–അതിനുവേണ്ടി മാധ്യമങ്ങളെ ദുരുപയോഗം ചെയ്താലും മറ്റേതെങ്കിലും മാർഗം ഉപയോഗിച്ചാലും അല്ലെങ്കിൽ ജമാഅത്തിന്റെ അംഗീകാരത്തിന്റെമേൽ ചളി വാരിയെറിയുന്നതിൽ വ്യാപൃതരാണെങ്കിലും അവർക്കെല്ലാം എതിരിൽ അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ. നമ്മൾ മറ്റാരിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നവരല്ല. അങ്ങനെ പ്രതീക്ഷവെക്കാനും നമുക്ക് കഴിയില്ല. നമ്മുടെ പോരായ്മകൾ അല്ലാഹുവിന്റെ സഹായത്തെ പിന്നിലാക്കിയിട്ടുണ്ടെങ്കിൽ നമ്മളിൽ കരുണ ചെയ്തുകൊണ്ട് നമുക്ക് മാപ്പുതരേണമേ എന്ന ദുആ നമ്മൾ ചെയ്യേണ്ടതാണ്. തന്റെ വെറുപ്പിന്റെ അവസ്ഥയിൽനിന്ന് നമ്മെ പുറത്തെടുത്ത് തന്റെ അനുഗ്രഹങ്ങളുടേയും പാരിതോഷികങ്ങളുടേയും മഴ എപ്പോഴും വർഷിച്ചുകൊണ്ടിരിക്കുന്നവരിൽ, اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ന്റെ യഥാർഥ ഗ്രാഹ്യവും അറിവും ഉണ്ടായിട്ടുള്ളവരിൽ ഉൾപ്പെടുത്തേണമേ എന്ന് ദുആ ചെയ്യേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നോക്കൂ! അല്ലാഹു اِيَّاكَ نَعۡبُدُ എന്ന പാഠം നമുക്ക് നല്കിയിരിക്കുന്നു. മനുഷ്യൻ തന്റെ ശക്തിയിൽ അർപണം ചെയ്യാൻ സാധ്യതയുണ്ടായിരുന്നു; അല്ലാഹുവിൽനിന്ന് അകലാനും. അതുകൊണ്ട് اِيَّاكَ نَسۡتَعِيۡنُ എന്ന പാഠവും നല്കി. അതായത് താൻ ചെയ്യുന്ന ആരാധനകൾ തന്റെ ശക്തിയും കഴിവുംകൊണ്ടാണെന്ന് മനസ്സിലാക്കരുത്. ഒരിക്കലുമല്ല. പ്രത്യുത അല്ലാഹുവിന്റെ സഹായമുണ്ടാകാത്തിടത്തോളം, ആ പരിശുദ്ധസത്ത സ്വയം തൗഫീഖും ശക്തിയും നല്കാത്തിടത്തോളം ഒന്നും നടക്കുകയില്ല. അതുകൊണ്ട് ഈ സുപ്രധാന യാഥാർഥ്യത്തേയും നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അല്ലാഹു നമുക്ക് ഈ സുപ്രധാന വിഷയം എപ്പോഴും മുന്നിൽ വെക്കാനും മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. വീണ്ടും ഞാൻ ദുആയ്ക്ക് വേണ്ടി ഓർമിപ്പിക്കുകയാണ്, ലോകത്തിന്റെ അവസ്ഥ എത്ര വേഗത്തിലാണോ മാറി മറിഞ്ഞുകൊണ്ടിരിക്കുന്നത് അതെല്ലാം അല്ലാഹു തന്റെ ജമാഅത്തിന്റെ പുരോഗതിക്കുള്ള മാർഗമാക്കിത്തീർക്കട്ടെ. അതൊന്നും ജമാഅത്തിന്റെ പുരോഗതിയിൽ തടസ്സമുണ്ടാക്കുന്നതായി തീരാതിരിക്കട്ടെ. ഇവരും നമ്മളും അല്ലാഹുവിനെ ആരാധിക്കുന്നവരും അവന്റെ സഹായവും തുണയും കൊണ്ട് അനുഗൃഹീതരുമാകട്ടെ. അങ്ങനെ തുടർന്നു കൊണ്ടേ പോകുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 28.11.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Mohammad Ismail Alleppey For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To